REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വ്യാപാരം, നിക്ഷേപം, സുരക്ഷ, സാങ്കേതിക വിദ്യ എന്നീ മേഖലയിൽ കൂടുതൽ സഹകരണത്തിന് സൈപ്രസ് സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഉത്തരാഖണ്ഡിലെ ഗൗരികുണ്ഡിനടുത്ത് ഹെലികോപ്റ്റർ തകർന്ന് പൈലറ്റ് ഉൾപ്പെടെ ഏഴ് പേർ മരിച്ചു.**
- **നിലമ്പൂരിൽ താരപ്രചാരകരുമായി മുന്നണികൾ ഉപതെരഞ്ഞെടുപ്പ് പോരാട്ടം ശക്തമാക്കി.**
- **അടുത്ത ദിവസങ്ങളിലും സംസ്ഥാനത്ത് മഴ കനക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്**
- **FIH പ്രോ ലീഗ് പുരുഷ-വനിതാ ഹോക്കി മത്സരങ്ങളിൽ ഉച്ച കഴിഞ്ഞ് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും.**

## വാർത്തകൾ വിശദമായി

മെഡിറ്ററേനിയൻ മേഖലയിലേയും യൂറോപ്യൻ യൂണിയനിലേയും അടുത്ത സുഹൃത്തും പ്രധാന പങ്കാളിയുമായ സൈപ്രസുമായി വ്യാപാരം, നിക്ഷേപം, സുരക്ഷ, സാങ്കേതിക വിദ്യ എന്നിവയിൽ കൂടുതൽ സഹകരണത്തിന് സൈപ്രസ് സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അഞ്ച് ദിവസത്തെ സൈപ്രസ്, കാനഡ, ക്രൊയേഷ്യ പര്യടനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

.....ഡെസ്ക് റിപ്പോർട്ട്.....

.........വോയ്സ്.........

പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സിന്റെ ക്ഷണപ്രകാരമാണ് സൈപ്രസ് പര്യടനമെന്ന് നരേന്ദ്രമോദി വ്യക്തമാക്കി. രണ്ട് ദിവസത്തെ സന്ദർശനത്തിന് ശേഷം കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ക്ഷണപ്രകാരം കാനഡയിൽ ചേരുന്ന G-7 ഉച്ചകോടിയിലും പങ്കെടുക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു. ആഗോള വെല്ലുവിളികളേയും ദക്ഷിണേഷ്യയുടെ ആശങ്കകളെയും കുറിച്ച് അർത്ഥവത്തായ ചർച്ചകൾക്ക് ഉച്ചകോടി അവസരമൊരുക്കുമെന്നും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

തുടർച്ചയായി ആറാം തവണയാണ് പ്രധാനമന്ത്രി ജി-7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ഊർജ്ജ സുരക്ഷ, സാങ്കേതികവിദ്യ, നവീകരണം എന്നിവയുൾപ്പെടെ നിർണായക ആഗോള വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ചയാകും.

സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കും. ക്രൊയേഷ്യൻ പ്രധാനമന്ത്രി ആൻഡ്രെജ് പ്ലെൻകോവിച്ചുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗ് ജില്ലയിൽ ഗൗരികുണ്ഡിനടുത്ത് ഹെലികോപ്റ്റർ തകർന്ന് പൈലറ്റ് ഉൾപ്പെടെ ഏഴ് പേർ മരിച്ചു. കേദാർനാഥ് സന്ദർശിച്ച ശേഷം ഗുപ്തകാശിയിലേക്ക് മടങ്ങിയവരാണ് അപകടത്തിൽപെട്ടത്. ഹെലികോപ്റ്റർ പൂർണമായും കത്തി നശിച്ചതായും എല്ലാവരുടേയും മൃതദേഹങ്ങൾ കണ്ടെടുത്തതായും SDRF അറിയിച്ചു.

സംഭവത്തിൽ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർസിംഗ് ധാമി ദുഃഖം അറിയിച്ചു.

✪✪✪

നിലമ്പൂരിൽ താരപ്രചാരകരുമായി മുന്നണികൾ ഉപതെരഞ്ഞെടുപ്പ് പോരാട്ടം ശക്തമാക്കി.

LDF സ്ഥാനാർത്ഥി M സ്വരാജിന്റെ പ്രചാരണം മുന്നിൽ നിന്ന് നയിക്കുന്നത് മുതിർന്ന CPIM നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയനാണ്. പോത്തുകല്ല്, കരുളായി, പൂക്കോട്ടുംപാടം എന്നിവിടങ്ങളിലാണ് മുഖ്യമന്ത്രിയുടെ ഇന്നത്തെ പ്രചാരണം.

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പ്രചാരണത്തിന് മുതിർന്ന കോൺഗ്രസ് നേതാവും MP-യുമായ പ്രിയങ്ക ഗാന്ധിയുമെത്തി. അവരുടെ ഇന്നത്തെ പരിപാടി മൂത്തേടത്തും നിലമ്പൂരിലുമാണ്. NDA സ്ഥാനാർഥി മോഹൻ ജോർജിന്റെ പര്യടന പരിപാടികൾ തുടരുകയാണ്. BJP സംസ്ഥാന

പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ അരുവകോട് കോളനിയിലെ വീടുകളിൽ വോട്ടഭ്യർത്ഥന നടത്തി.

PV അൻവറിന്റെ പ്രചാരണത്തിന് മുൻ ക്രിക്കറ്റ് താരവും തൃണമൂൽ കോൺഗ്രസ് നേതാവുമായ യൂസഫ് പഠാനും നിലമ്പൂരിലെത്തി.

✪✪✪

അടുത്ത ദിവസങ്ങളിലും സംസ്ഥാനത്ത് മഴ കനക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം മുതൽ പാലക്കാട് വരെ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. മലയോരത്തും കടൽതീര മേഖലകളിലും വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും അധികൃതർ നിർദ്ദേശിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ കനത്ത മഴ തുടരുന്നതിനാലും റെഡ് അലേർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലും ക്വാറികളുടെ പ്രവർത്തനം, മണ്ണെടുക്കൽ, ഖനനം, കിണർ നിർമ്മാണ പ്രവർത്തനങ്ങൾ, മണലെടുക്കൽ എന്നിവ താൽക്കാലികമായി നിർത്തിവെച്ചു. വെള്ളച്ചാട്ടങ്ങൾ, നദീതീരങ്ങൾ, ബീച്ചുകൾ ഉൾപ്പെടെ എല്ലാ ജലാശയങ്ങളിലേക്കും പ്രവേശനം പൂർണ്ണമായി നിരോധിച്ചും ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉത്തരവിട്ടു.

ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന മലയോര പ്രദേശങ്ങൾ, ചുരം മേഖലകൾ എന്നിവിടങ്ങളിലേക്ക് രാത്രി ഏഴ് മുതൽ രാവിലെ ഏഴ് വരെ അടിയന്തിര യാത്രകൾ അല്ലാത്തവ ഒഴിവാക്കണമെന്നും ഉത്തരവിൽ പറയുന്നു.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയ പാതയുടെ ഭാഗമായ മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതം മറ്റന്നാൾ വരെ നിരോധിച്ചു. ഇതോടൊപ്പം റോഡിന്റെ വശങ്ങളിൽ വാഹനങ്ങളുടെ പാർക്കിങ്ങും നിരോധിച്ചിട്ടുണ്ട്.

✪✪✪

മൺസൂൺ കാലം കണക്കിലെടുത്ത് കൊങ്കൺ വഴിയോടുന്ന വിവിധ ട്രെയിനുകളുടെ സമയമാറ്റം നിലവിൽ വന്നു. എറണാകുളം നോർത്ത്, സൗത്ത്

സ്റ്റേഷനുകളിൽ നിന്ന് 26 ട്രെയിനുകളാണ് കൊങ്കൺ വഴി പോകുന്നത്. സമയമാറ്റം ഒക്ടോബർ 20 വരെ തുടരും.

✪✪✪

കെനിയയിൽ ബസ് അപകടത്തിൽ മരിച്ച അഞ്ചു മലയാളികളുടെ മൃതദേഹം കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിച്ചതിന് ശേഷം വീടുകളിലേക്ക് കൊണ്ടുപോയി. വിമാനത്താവളത്തിൽ മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ അന്തിമോപചാരം അർപ്പിച്ചു. രാവിലെയാണ് ഖത്തർ എയർവേയ്സ് വിമാനത്തിൽ മൃതദേഹങ്ങൾ എത്തിച്ചത്.

മൂവാറ്റുപുഴ സ്വദേശിനി ജസ്ന, മകൾ റൂഹി മെഹ്റിൻ, പാലക്കാട് മണ്ണൂർ സ്വദേശിനി റിയ ആൻ, മകൾ ടൈറ റോഡ്രിഗസ്, മാവേലിക്കര ചെറുകോൽ സ്വദേശിനി ഗീത ഷോജി ഐസക് എന്നിവരുടെ മൃതദേഹങ്ങളാണ് എത്തിച്ചത്.

ഈ മാസം ഒൻപതിന് ഇന്ത്യൻ സമയം വൈകിട്ട് ഏഴോടെയാണ് ഖത്തറിൽ നിന്ന് വിനോദസഞ്ചാരികളായി കെനിയയിലെത്തിയ 28 പേരടങ്ങുന്ന ഇന്ത്യൻ സംഘം അപകടത്തിൽ പെട്ടത്. ഇവർ സഞ്ചരിച്ച ടൂറിസ്റ്റ് ബസ് കീഴ്മേൽ മറിയുകയായിരുന്നു.

✪✪✪

മനുഷ്യ, വന്യജീവി സംഘർഷ ലഘൂകരണത്തിന് സംസ്ഥാന വനം-വന്യജീവി വകുപ്പ് ആവിഷ്കരിച്ച ഫുഡ്, ഫോഡർ, വാട്ടർ പദ്ധതിയുടെ ഭാഗമായി 'വിത്തൂട്ട്' വിത്തുണ്ടകളുടെ സംസ്ഥാന പ്രചാരണ പദ്ധതി വൈകീട്ട് മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കോഴിക്കോട് കാക്കവയൽ വനപർവം ഇക്കോ ടൂറിസം സെന്ററിലാണ് പരിപാടി.

പരിസ്ഥിതി പുനഃസ്ഥാപനം, വന്യമൃഗങ്ങൾക്ക് വനത്തിനകത്ത് തന്നെ ഭക്ഷണവും വെള്ളവും ഒരുക്കൽ, മെച്ചപ്പെട്ട പാരിസ്ഥിതിക സേവനങ്ങൾ ഉറപ്പാക്കൽ തുടങ്ങിയവ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

ബ്രിട്ടന്റെ യുദ്ധവിമാനം തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തരമായി ലാൻഡ് ചെയ്തു. വിമാനത്തിൽ ഇന്ധനം നിറയ്ക്കുന്നതിനായിരുന്നു ലാൻഡിംഗ്.

100 നോട്ടിക്കൽ മൈൽ അകലെ ബ്രിട്ടീഷ് നാവിക സേനയുടെ യുദ്ധക്കപ്പലിൽ നിന്ന് പരിശീലനപ്പറക്കലിനിടെ വിമാനം ലാൻഡ് ചെയ്യുകയായിരുന്നു.

✪✪✪

തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ വിദ്യാർത്ഥികളെ ഏത്തം ഇടീച്ച സംഭവത്തിൽ അധ്യാപികക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി. മന്ത്രി V ശിവൻകുട്ടിയുടെ നിർദേശപ്രകാരം DEO യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DD യുടേതാണ് നടപടി.

✪✪✪

FIH പ്രോ ലീഗ് വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് വീണ്ടും ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലീ വാലി ഹോക്കി ആൻഡ് ടെന്നീസ് സെന്ററിൽ ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം.

പുരുഷ ഹോക്കിയിലും ഓസ്ട്രേലിയയാണ് ഇന്ത്യയുടെ എതിരാളികൾ . ബെൽജിയത്തിൽ ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം

✪✪✪

അടുത്ത വർഷത്തെ ഇന്ത്യ- ന്യൂസീലൻഡ് ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം വേദിയാകും.

2026 ജനുവരിയിലാണ് മൂന്ന് ഏകദിനങ്ങളും അഞ്ച് ട്വന്റി 20 മത്സരങ്ങളുമടങ്ങുന്ന പര്യടനത്തിന് ന്യൂസീലൻഡ് ടീം എത്തുന്നത്. ജയ്പുർ, മൊഹാലി, ഇന്ദോർ, രാജ്കോട്ട്, ഗുവാഹാട്ടി, ഹൈദരാബാദ്, നാഗ്പുർ എന്നിവിടങ്ങളിലാണ് മറ്റ് മത്സരങ്ങൾ. മത്സരത്തിന്റെ തീയതികൾ പിന്നീട് പ്രഖ്യാപിക്കും.

✪✪✪

ജൂൺ 21-ന്റെ അന്താരാഷ്ട്ര യോഗാ ദിനത്തിന്റെ ഭാഗമായി കർണാടകയിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനും ബ്രഹ്മകുമാരീസുമായി ചേർന്ന് ധ്യാനത്തിന്റെയും യോഗയുടേയും പ്രാധാന്യത്തെക്കുറിച്ച് പരിപാടി സംഘടിപ്പിച്ചു. ആധുനിക ജീവിതത്തിൽ യോഗയുടേയും ധ്യാനത്തിന്റെയും പ്രാധാന്യത്തെകുറിച്ച് ബ്രഹ്മകുമാരീ രാജയോഗിനി BK അംബിക ചിന്തകൾ പങ്കുവെച്ചു.

✪✪✪

ഇറാൻ അമേരിക്കയെ ആക്രമിക്കാൻ ശ്രമിച്ചാൽ മുമ്പെങ്ങുമില്ലാത്തവിധം കനത്ത തിരിച്ചടി നൽകുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഇറാനെതിരായ ഇസ്രായേൽ ആക്രമണത്തിൽ അമേരിക്കയ്ക്ക് പങ്കില്ലെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇറാനും ഇസ്രായേലും തമ്മിൽ സംഘർഷം എത്രയും വേഗം അവസാനിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ട്രംപ് അറിയിച്ചു.

✪✪✪

ഇന്ന് ലോക വയോജന ചൂഷണ അവബോധ ദിനം. ഐക്യരാഷ്ട്രസഭയിലെ ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഫോർ ദി പ്രിവൻഷൻ ഓഫ് എൽഡർ അബ്യൂസും ലോകാരോഗ്യ സംഘടനയും ചേർന്നാണ് ദിനാചരണത്തിന് തുടക്കം കുറിച്ചത്. മുതിർന്ന പൗരൻമാർക്കെതിരെ നടക്കുന്ന ചൂഷണങ്ങളെക്കുറിച്ച് അവബോധം നൽകാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കാനുമാണ് ദിനാചരണം.

✪✪✪

ഇന്ന് ലോക പിതൃദിനം. ജൂൺ മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ചയാണ് ലോക പിതൃദിനം ആഘോഷിക്കുന്നത്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സംരംക്ഷകനായും കൂട്ടുകാരനായും, അധ്യാപകനായും മാറുന്ന പിതാവിനെ അറിയാനും ആദരിക്കാനും അവസരമൊരുക്കുന്ന ദിവസമാണിത്.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന്റെ മൂന്നാം അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. മുഖ്യ ഘട്ടത്തിലെ അവസാന അലോട്ട്മെന്റായതിനാൽ മൂന്നാം അലോട്ട്മെന്റിൽ സീറ്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും  നിർബന്ധമായും സ്ഥിരപ്രവേശനം നേടണം. ചൊവ്വാഴ്ച വൈകിട്ട് 5 മണി വരെയാണ് പ്രവേശനം നേടേണ്ട സമയം.

✪✪✪

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഹെർണിയ ശസ്ത്രക്രിയയ്ക്ക് അനസ്തേഷ്യ നൽകിയ രോഗി മരിച്ച സംഭവത്തിൽ  ജില്ലാ മെഡിക്കൽ ഓഫീസർക്ക് അന്വേഷണ ചുമതല നൽകി. ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ആണ് ഇക്കാര്യം അറിയിച്ചത്

✪✪✪

ചാലക്കുടിയിലെ ബ്യൂട്ടിപാർലർ ഉടമ ഷീലസണ്ണിയെ കുടുക്കിയ വ്യാജ ലഹരിക്കേസിൽ പിടിയിലായ മുഖ്യപ്രതി ലിവിയ ജോസിനെ കൊടുങ്ങല്ലൂരിൽ എത്തിച്ചു. ഷീല സണ്ണിയുടെ മരുമകളുടെ സഹോദരിയാണ് ലിവിയ ജോസ്. കഴിഞ്ഞ ദിവസമാണ് ഇവർ മുംബൈയിൽ നിന്ന് പിടിയിലായത്.

✪✪✪

കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് വികസന പദ്ധതി അട്ടിമറിക്കപ്പെട്ടുവെന്നും പദ്ധതി മലാപറമ്പ് വരെയാക്കി വെട്ടിക്കുറച്ചത് ആരെന്ന് വ്യക്തമാക്കണമെന്നും DCC പ്രസിഡന്റ് K. പ്രവീൺകുമാർ ആവശ്യപ്പെട്ടു. റോഡിന് വേണ്ടി പ്രയത്നിച്ച സ്ഥലം എംപി MK രാഘവനെ

നാളത്തെ ആദ്യഘട്ട ഉദ്ഘാടന പരിപാടിയിൽ ഒഴിവാക്കിയതിൽ പ്രതിഷേധിച്ച് കോൺഗ്രസ്  പരിപാടി ബഹിഷ്ക്കരിക്കുമെന്ന് പ്രവീൺകുമാർ കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. റോഡിന് ചരിത്രകാരൻ ഡോ.  MGS നാരായണന്റെ പേര് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

*News  Editor & Reader:  വി കെ സുരേഷ്*
*CNRT: അബ്ദുൾ കബീർ, രജ്ന കെ*
*DEO : സി കെ സുബോധ്*